**File No.TCPCTP/138/2020-D3**

മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കണ്ണൂർ ജില്ല കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് കടന്നപ്പള്ളി വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/12/2019 ലെ എ 1-3048/2019 നമ്പർ കത്ത്.

2. കണ്ണൂർ ജില്ല ടൗൺ പ്ലാനറുടെ 6/1/2020 ലെ TCPKNR/2503/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/138/2020 D-3 തീയതി:**06/02/2020**

---

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കടന്നപ്പള്ളി വില്ലേജിൽ റീ സർവ്വേ നമ്പർ **72/109-** ൽ ഉൾപ്പെടുന്ന 625. ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് 240sq.m (Sales building+Canopy) വിസ്തീർണ്ണമുള്ള Group- I Occupancy ൽ-പ്പെട്ട ഒരു പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. **പ്രമിത കമ്പളപ്രവൻ, ഉച്ചമ്പള്ളി ഹൗസ്, പാടും, പത്തായക്കുന്നു. പി.ഒ, കണ്ണൂർ-** ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ

ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. പ്ലോട്ടിൽ നിന്നും പുറത്തേയ്ക്കുള്ള മാർഗ്ഗം പ്രത്യേകമായി ഒരു lane അപേക്ഷകന്റെ സ്ഥലത്തുകൂടി നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ. 2011 ചട്ടം 101 അനുശാസിക്കുന്ന ഭൂഗർഭ ജല പോഷണസംവിധാനം തയ്യാറാക്കുക.
9. പെട്രോളിയം റൂൾ 1976 സംബന്ധിച്ച കെ.പി.ബി.ആർ. 2011 ലെ ചട്ടം 61 (10) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുമ്പ് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണംആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 24 /2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു**

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

**ജയശ്രീ. പി. ആർ.**
**ടൗൺ പ്ലാനർ**

ഉള്ളടക്കം– ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത്
കടന്നപ്പള്ളി.പി.ഒ. കണ്ണൂർ–670504

പകർപ്പ്:–

1. ശ്രീമതി. പ്രമിത കമ്പളപ്രവൻ, ഉച്ചമ്പള്ളി ഹൗസ്, പാടും, പത്തായക്കുന്നു. പി.ഒ, കണ്ണൂർ– 670691
2. ടൗൺ പ്ലാനർ, കണ്ണൂർ 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം